"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനലൂർ മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്**

സ.ഉ.(കൈ) നം.103/2025/LSGD തീയതി,തിരുവനന്തപുരം, 21-06-2025

പരാമർശം:-

1. 10.08.2017 ലെ GO(Ms)No.157/2017/LSGD ഉത്തരവ്
2. 31.01.2024 ലെ GO(Ms)No.19/2024/LSGD ഉത്തരവ്
3. 25.06.2024 ലെ 2020 -ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം.
4. പുനലൂർ നഗരസഭയുടെ 11.11.2024 ലെ 1 -ാം നമ്പർ കൗൺസിൽ തീരുമാനം
5. 27.01.2025 ലെ മുഖ്യ നഗരാസൂത്രകന്റെ LSGD/PD/17144/2023-TCPB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി ലഭിച്ച പുനലൂർ മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. തുടർന്ന് പുനഃപ്രസിദ്ധീകരിച്ച പുനലൂർ മാസ്റ്റർ പ്ലാനിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ട് പുനലൂർ നഗരസഭ, പരാമർശം (3) പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

പുനഃപ്രസിദ്ധീകരിച്ച പുനലൂർ മാസ്റ്റർ പ്ലാനിൻമേൽ ലഭ്യമായ ആക്ഷേപ അഭിപ്രായങ്ങൾ പരിശോധിച്ച തിനു ശേഷം സ്പെഷ്യൽ കമ്മിറ്റി നൽകിയ ശിപാർശയുടെയും നഗരസഭാ കൗൺസിൽ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ഭേദഗതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പുനലൂർ നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. തുടർന്ന്, പുതുക്കി തയ്യാറാക്കിയ കരട് പുനലൂർ മാസ്റ്റർപ്ലാൻ റിപ്പോർട്ട്, അനുബന്ധ രേഖകൾ സഹിതം പുനലൂർ നഗരസഭ സെക്രട്ടറി, ജില്ലാ നഗരാസൂത്രകൻ മുഖേന ചീഫ് ടൗൺ പ്ലാനർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ടി മാസ്റ്റർ പ്ലാൻ, അനുമതിയ്ക്കായി സർക്കാരിൽ സമർപ്പിക്കുന്നതിന് നിയമപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി

പാലിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിലുള്ള അധികരിച്ച സമയപരിധി സാധൂകരിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

പരാമർശം (4) പ്രകാരമുള്ള പുനലൂർ നഗരസഭയുടെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(8), 2021 - ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം കരട് പുനലൂർ മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകുന്നതിന് പരാമർശം (5) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ച്, പുനലൂർ മാസ്റ്റർ പ്ലാനിന് 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(8), 2021 - ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകിക്കൊണ്ടും പ്രസ്തുത മാസ്റ്റർ പ്ലാൻ, അനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായുള്ള അധികരിച്ച സമയപരിധി, 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36 (11) പ്രകാരം സാധൂകരിച്ച് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ) തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, കൊല്ലം
സെക്രട്ടറി, പുനലൂർ നഗരസഭ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (RD2/63/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Bijukumar T
Date: 23-06-2025 12:18:31